പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4704 29.06.2012- ൽ മറുപടിയ്ക്ക്

# മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കുമോ ; | (എ) | വിശദമാക്കാം.<br>ഈ സർക്കാർ അധികാരമേറ്റ ശേഷം മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | മൃഗാശുപത്രികൾ നവീകരിക്കുന്നതിനും ആവശ്യമായ മൃഗഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ; | (ബി) | വ്യക്തമാക്കാം.<br>മൃഗാശുപത്രികൾ നവീകരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതിയിനത്തിൽ മൃഗാശുപത്രികളുടെ വികസനവും, പുന:സംഘടനയും മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ മൃഗാശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ നവീകരണത്തിനും, ആധുനികവത്കരണത്തിനുമായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ കേന്ദ്രസഹായത്തോടെ നിലവിലുള്ള മൃഗാശുപത്രികളുടെയും, ഡിസ്പെൻസറികളുടെയും വികസനത്തിനായി 800 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളിലൂടെ മൃഗചികിത്സാ സേവനങ്ങളും, സ്ഥാപനങ്ങളും മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ നിലവാരം ഏകീകരിക്കുന്നതിനും ആരോഗ്യ പരിരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിനും, അവശ്യമായ രോഗ നിർണ്ണയ രീതികൾ അവലംബിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>മൃഗാശുപത്രിയിൽ മൃഗഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ നിയമിക്കുന്നതിന് പി.എസ്.സിയിൽ നിന്നും അഡ്വൈസ് വരുന്നുണ്ട്. ഒഴിവുള്ള തസ്തികകളിൽ നിയമനത്തിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കൊയിലാണ്ടി മൃഗാശുപത്രിക്ക് വേണ്ടത്ര ഭൗതിക സൗകര്യമില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | കൊയിലാണ്ടി മൃഗാശുപത്രിയ്ക്ക് പുതിയ കെട്ടിടവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | കൊയിലാണ്ടി മൃഗാശുപത്രി ശാക്തീകരിക്കുന്നതിന് 2011-2012 സാമ്പത്തിക വർഷം 75% കേന്ദ്രസഹായ പദ്ധതിയായ നിലവിലുള്ള മൃഗാശുപത്രികളുടെ ശാക്തീകരണം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 8.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**